**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888</u>** **<u>11-02-2025 - ൽ മറുപടിയ്ക്ക്</u>**

**<u>വൈപ്പിൻ കരയിലെ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനത്താൽ വർഷം തോറും വർദ്ധിച്ചുവരുന്ന വേലിയേറ്റത്താലും കടലാക്രമണത്താലും ഉപയോഗയോഗ്യമല്ലാതായി തീരുന്ന വസ്തുവകകളിലും ജീർണ്ണാവസ്ഥയിലായ ഗൃഹങ്ങളിലും താമസിക്കുന്ന വൈപ്പിൻകരയിലെ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; | (എ) | പുനരധിവസിപ്പിക്കേണ്ട പട്ടികവർഗ്ഗ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കുടുംബങ്ങളെ ഇവർക്കായി അനുവദിച്ചിട്ടുള്ള ഞാറക്കൽ, എളങ്കുന്നപ്പുഴ പഞ്ചായത്തുകളിലെ ഭൂമിയിൽ പുനരധിവസിപ്പിക്കാനും സംരക്ഷിക്കാവുന്ന വസ്തുവകകൾ സംരക്ഷിക്കാനും ജീർണ്ണാവസ്ഥയിലായ വാസഗൃഹങ്ങൾ പുനരുദ്ധരിക്കാനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | (ബി) | വൈപ്പിൻകരയിലെ ചാപ്പാ കടപ്പുറത്തെ 12 പട്ടികവർഗ്ഗ കുടുംബങ്ങളെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ 79 സെന്റ് സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതിനും, ഭവനനിർമ്മാണവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇല്ലെങ്കിൽ ഇത്തരം കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാനും സംരക്ഷിക്കാനും പുനരുദ്ധരിക്കാനും സാധ്യമായ ഭൂമിയും വാസഗൃഹവും സംരക്ഷിക്കാനും അല്ലാത്തവരെ ലഭ്യമായ ഭൂമിയിൽ പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കുമോ; | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | ഓരുവെള്ളം കയറി വെള്ളത്തിനടിയിലായ ഭൂമിയിൽ ജീർണ്ണാവസ്ഥയിലായ വീട്ടിൽ താമസിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം പഞ്ചായത്തിൽ നികത്തിത്തറ വീട്ടിൽ രാജി സെൽവദാസിനെയും രമേഷിനെയും പുനരധിവസിപ്പിക്കുന്നതിന് എം.എൽ.എ. മുഖാന്തരം സമർപ്പിച്ചതും പട്ടികജാതി വികസന ഡയറക്ടർക്ക് കൈമാറിയിട്ടുമുള്ളതുമായ നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത നിവേദനത്തിന്മേൽ എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ